പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി III
(SUBJECT COMMITTEE III)

# ജലവിഭവം
# (WATER RESOURCES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്
(2025 -2026)

# FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
(2025 -2026)

2025 മാർച്ച് 3-ാം തീയതി സമർപ്പിച്ചത്
(Presented on 3rd March, 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി III
## (SUBJECT COMMITTEE III)

# ജലവിഭവം
# (WATER RESOURCES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്
(2025 -2026)

FIFTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2025-2026)

283/2025.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി III
## (ജലവിഭവം)
## (2023 -2026)
### ഘടന

<u>ചെയർപേഴ്സൺ</u> :

ശ്രീ.  റോഷി അഗസ്റ്റിൻ,
ജലവിഭവ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. ആന്റണി രാജു

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. മാണി  സി. കാപ്പൻ

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എച്ച്. സലാം

ശ്രീ. ടി. സിദ്ദിഖ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ഡോ. എൻ. കൃഷ്ണ കുമാർ,  സെക്രട്ടറി

ശ്രീ.  ആർ. എസ്. സന്തോഷ്കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ.  ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.  വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2025 ഫെബ്രുവരി 17, 20 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XX | — | ശുദ്ധജലവിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ XXIX | — | കൃഷി (ചെറുകിട ജലസേചനം)<br>(2702, 2705, 4702, 4705, 6705 എന്നീ കണക്കിനങ്ങൾ മാത്രം) |
| ധനാഭ്യർത്ഥന നമ്പർ XXXVIII | — | ജലസേചനം |

മേൽ പരാമർശിച്ച ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ അധിക വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികപരവുമായ പരിമിതികൾക്ക് വിധേയമായി സമിതി നൽകിയ നിർദ്ദേശങ്ങളും ശിപാർശകളുമാണ് ഈ റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത്.

2025 ഫെബ്രുവരി 25-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2025 മാർച്ച് 3.

**റോഷി അഗസ്റ്റിൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി III.*

# റിപ്പോർട്ട്

## ധനാഭ്യർത്ഥനനമ്പർ-XX

## ശുദ്ധജലവിതരണവും ശുചീകരണവും

വോട്ട് ചെയ്തത് : 1298.9141 കോടി രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

**2215—ശുദ്ധജലവിതരണവും ശുചീകരണവും**

2215-01-003-99—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പരിശീലനം- ഐ.ഇ.സി.,കാര്യശേഷി വർദ്ധിപ്പിക്കൽ, പരിശീലനവും ജലശ്രീ ക്ലബ്ബ്

വിഹിതം : 15 ലക്ഷം രൂപ (പ്ലാൻ)

1) ജല സാക്ഷരതയ്ക്കും പരിസര ശുചിത്വത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പ്രചരണ പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നതിനും ജലശ്രീ ക്ലബ്ബുകൾ സംസ്ഥാന വ്യാപകമാക്കുന്നതിന്റെ ഭാഗമായി പതിനായിരത്തോളം സർക്കാർ-എയിഡഡ് ഹൈസ്കൂളുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലും ജലശ്രീ ക്ലബ്ബ് മാർഗ്ഗരേഖ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനും ജില്ലാ സംസ്ഥാന തലങ്ങളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പൊതുസമൂഹത്തിനും ജലസംബന്ധമായ മത്സരങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-004-99—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം-ഗവേഷണം- എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്.

വിഹിതം : 1 കോടി രൂപ (പ്ലാൻ)

2) നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും കേരള ജല അതോറിറ്റിയിൽ നെറ്റ്‌വർക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും കംപ്യൂട്ടറുകൾ, പുതിയ സെർവർ, സോഫ്റ്റ്‌വെയർ എന്നിവ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 45 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-101-97-01—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - നഗര ശുദ്ധ ജലവിതരണ പദ്ധതി - കേരളാ പരിപ്രേക്ഷ്യ പദ്ധതി 2030 മുൻഗണനാ പദ്ധതികൾ നടപ്പാക്കൽ- നവീന സാങ്കേതിക വിദ്യകളും, ആധുനിക മാനേജ്മെന്റ് രീതികളും

വിഹിതം : 1 കോടി രൂപ (പ്ലാൻ)

3) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 4.06 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215 -01-102-80—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം-ഗ്രാമീണ ജലവിതരണ പദ്ധതി - പൊതുജന സഹായത്തോടുകൂടിയ ജലവിതരണ പദ്ധതിയ്ക്ക് സുസ്ഥിരത ഉറപ്പാക്കൽ

വിഹിതം : 29.61 കോടി രൂപ (പ്ലാൻ)

4) 2022-23 സാമ്പത്തിക വർഷം മുതൽ ബജറ്റ് വിഹിതം പൂർണമായും ലഭിക്കാത്തതിനാൽ കൊടുത്തു തീർക്കാൻ സാധിക്കാതിരുന്ന പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനും പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പ്രതീക്ഷിത ചെലവുകൾക്കായും ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-99-01—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം-പരിവേഷണവും സൂക്ഷ്മപരിശോധനയും

വിഹിതം : 1.1 കോടി രൂപ (പ്ലാൻ)

5) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.48 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-99-19-31—ശുദ്ധജലവിതരണവും ശുചീകരണവും -ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളം

വിഹിതം : 166.2208 കോടി രൂപ (നോൺ പ്ലാൻ)

6) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനായി ഈ ശീർഷകത്തിൽ 909.03 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-99-19-36—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം- സഹായധനം - ശമ്പളേതരം

വിഹിതം : 133.9138 കോടി രൂപ (നോൺ പ്ലാൻ)

7) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് , ലോണുകളുടെ തിരിച്ചടവ് , വൈദ്യുതി ചാർജ്ജ് എന്നിവ ഒടുക്കുന്നതിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് , വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1439.38 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-92—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം

വിഹിതം : 5 കോടി രൂപ (പ്ലാൻ)

8) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ വെല്ലിംഗ്ടൺ വാട്ടർ വർക്സ് ഹെഡ് ഓഫീസ് പരിസരം എന്നിവ സാംസ്കാരികവും വിദ്യാഭ്യാസപരവുമായി ആകർഷണീയമാക്കി മാറ്റുന്നതിനായി പഴയ ഓഫീസ് കെട്ടിടത്തിന്റെ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, വാട്ടർ മ്യൂസിയത്തിന്റെ പ്രവൃത്തികൾ, നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പതിനഞ്ച് ഗസ്റ്റ് ഹൗസുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 28.14 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-190-88—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - ഇ-ഗവേർണൻസ് , ജി. ഐ.എസ്. ഉം ഇൻഫർമേഷൻ മാനേജ്മെന്റ്

വിഹിതം : 1 കോടി രൂപ (പ്ലാൻ)

9) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയിൽ പഞ്ചിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനും ഹൈ എൻഡ് ലാപ്ടോപ്പുകൾ, ഡെസ്ക് ടോപ്പുകൾ എന്നിവ വാങ്ങുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 2.64 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-800-64—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ- മഴവെള്ളക്കൊയ്ത്തിന്റെയും KRWSA യിലൂടെ GWR പരിപാടിയുടെയും അളവുയർത്തൽ

വിഹിതം : 11.5 കോടി രൂപ (പ്ലാൻ)

10) 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ബജറ്റ് വിഹിതം പൂർണമായും ലഭിക്കാത്തതിനാൽ പൂർത്തീകരിക്കാൻ സാധിക്കാതിരുന്ന കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി (KRWSA) മുഖേന നടപ്പിലാക്കുന്ന മഴവെള്ള കൊയ്ത്തിന്റെയും, ഗ്രൗണ്ട് വാട്ടർ റീചാർജ്ജിന്റെയും (GWR) അളവ് ഉയർത്തുന്നതിനുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 8.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-01-800-47—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ- കുടിവെള്ള വിതരണവും -വരൾച്ച പരിഹാരവും

വിഹിതം : 7.5 കോടി രൂപ (പ്ലാൻ)

11) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 9.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-02-106-97—ശുദ്ധജലവിതരണവും ശുചീകരണവും -മാലിന്യ നിവാരണവും ശുചീകരണവും - വായു-ജല മലിനീകരണം തടയൽ-നദി മലിനീകരണം തടയുന്നതിനും എൻ.ജി.ടി. നിർദ്ദേശം പാലിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമുള്ള പ്രവൃത്തി

വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

12) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നദികളിലെ മലിനീകരണം തടയുന്നതിനും ദേശീയ ഹരിത ട്രിബ്യൂണൽ നിർദ്ദേശം പാലിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 1.06 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215-02-190-99-02-31—ശുദ്ധജലവിതരണവും ശുചീകരണവും - മാലിന്യ നിവാരണവും ശുചീകരണവും -പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം - ശമ്പളം

വിഹിതം : 18.9816 കോടി രൂപ (നോൺ പ്ലാൻ)

13) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ജി.പി.എഫ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 24.94 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2215 -02-190-99-02-36—ശുദ്ധജലവിതരണവും ശുചീകരണവും -മാലിന്യ നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം.

വിഹിതം : 13.1666 കോടി രൂപ (നോൺ പ്ലാൻ)

14) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുടെ നടത്തിപ്പിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് , വൈദ്യുതി ചാർജ് എന്നിവ നൽകുന്നതിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് , വൈദ്യുതി ചാർജ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക കൊടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 33.68 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4215—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ്**

4215 - 01- 101- 97—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - നഗര ജലവിതരണ പദ്ധതി- നഗര ജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തൽ/ പുനരധിവാസം

വിഹിതം : 34 കോടി രൂപ (പ്ലാൻ)

15) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 27.06 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 101- 94—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - നഗര ജലവിതരണ പദ്ധതി- ADB സഹായത്തോടെയുള്ള കേരള നഗര ജല വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (KUWSIP)(EAP)

വിഹിതം : 75 കോടി രൂപ (പ്ലാൻ)

16) കൊച്ചി നഗരത്തിലെ ശുദ്ധജല വിതരണ ശൃംഖല മെച്ചപ്പെടുത്തൽ എന്ന പാക്കേജ് ആരംഭിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 75 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 102-98-01—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് -ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം-നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ - നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ

വിഹിതം : 70 കോടി രൂപ (പ്ലാൻ)

17) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ കൊടുത്തു തീർക്കാൻ ശേഷിക്കുന്ന 15% സംസ്ഥാന വിഹിതത്തിന്റെ കുടിശ്ശിക തുക കൊടുക്കുന്നതിനും 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 15.83 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-102-97—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണജലവിതരണം- ഗ്രാമീണ ജലവിതരണ പദ്ധതികൾ

വിഹിതം : 15 കോടി രൂപ (പ്ലാൻ)

18) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 27.33 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 102- 92-02—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - ജൽ ജീവൻ മിഷൻ (NRDWP)50%കേന്ദ്ര വിഹിതം- ജൽ ജീവൻ മിഷൻ (NRDWP) 50% സംസ്ഥാന വിഹിതം

വിഹിതം : 560 കോടി രൂപ (പ്ലാൻ)

19) 50% കേന്ദ്രവിഹിതത്തിൽ പ്രവർത്തിക്കുന്ന ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയായ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ 2025-26 സാമ്പത്തിക വർഷം 10.12 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു സഹായക പ്രവർത്തനങ്ങൾക്കും ജല ഗുണനിലവാര പരിശോധനാ സംവിധാനം നടപ്പിലാക്കുന്നതിനും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ കൊടുത്തു തീർക്കാനുള്ള ബില്ലിന്റെ സംസ്ഥാന വിഹിത കുടിശ്ശിക കൊടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5926.66 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 102- 91—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - ജലനിധിയുടെ കീഴിലുള്ള ജല വിതരണ പദ്ധതികളുടെ പൂർത്തീകരണം ഘട്ടം II

വിഹിതം : 1.25 കോടി രൂപ (പ്ലാൻ)

20) ജലനിധി രണ്ടാംഘട്ടത്തിൻ കീഴിൽ പൂർത്തീകരിച്ച ജലവിതരണ പദ്ധതികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 5.6097 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215-01-800-92—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - മറ്റു ചെലവുകൾ- ജലസംരക്ഷണവും ഉറവിടം മെച്ചപ്പെടുത്തലും

വിഹിതം : 2 കോടി രൂപ (പ്ലാൻ)

21) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.48 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 800- 91—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - മറ്റു ചെലവുകൾ -മാനവശേഷി വികസനവും ഗവേഷണവും

വിഹിതം : 1 കോടി രൂപ (പ്ലാൻ)

22) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.16 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 800- 89—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തൽ

വിഹിതം : 47 കോടി രൂപ (പ്ലാൻ)

23) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 38.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 800- 88—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ജിക്ക സഹകരണത്തോടുള്ള കേരള ശുദ്ധജലവിതരണ പദ്ധതി.

വിഹിതം : 3 കോടി രൂപ (പ്ലാൻ)

24) ജിക്ക സഹകരണത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനായി ഈ ശീർഷകത്തിൽ 12.37 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 800- 82—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം- മറ്റു ചെലവുകൾ - ജലവിതരണ പദ്ധതികളുടെ ഉറവിട സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി ജലാശയങ്ങളുടെ പുനരുജ്ജീവനം

വിഹിതം : 1 കോടി രൂപ (പ്ലാൻ)

25) ശുദ്ധജല വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി കേരളത്തിലെ ജലാശയങ്ങൾ /തണ്ണീർ തടങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ശാസ്താംകോട്ട കായലിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് തുടക്കമിടുന്നതിനും സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുമുള്ള സമഗ്ര പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 01- 800- 81—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം- മറ്റു ചെലവുകൾ - പദ്ധതി നടത്തിപ്പും നിരീക്ഷണവും

വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

26) മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായ കെ.ആർ.ഡബ്ല്യൂ.എസ് .എ-യുടെ കീഴിൽ സാമൂഹ്യാധിഷ്ഠിത ജലവിതരണ പദ്ധതികളുടെ നടത്തിപ്പിന്റെയും നിരീക്ഷണത്തിന്റെയും ഭാഗമായി 2025-26 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഭരണ/ സ്ഥാപന ചെലവുകൾക്കും പുതിയ സാങ്കേതിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 02- 102- 99-01—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ചമൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും -ഗ്രാമീണ ശുചിത്വ സേവനം -ജലത്തിന്റെ ഗുണനിലവാര നിരീക്ഷണവും ഗ്രേ വാട്ടർ മാനേജ്മെന്റും-കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികളുടെ ജലത്തിന്റെ ഗുണനിലവാര നിരീക്ഷണം

വിഹിതം : 1 കോടി രൂപ (പ്ലാൻ)

27) കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികളുടെ ജലത്തിന്റെ ഗുണനിലവാര നിരീക്ഷണ സംവിധാനം ഒരുക്കുന്നതിനായി ഗുണഭോക്തൃ സമിതികളിലെ പമ്പ് ഓപ്പറേറ്റർമാരെയും, വോളന്റിയർമാരെയും, ഗുണഭോക്താക്കളെയും ഫീൽഡ് ടെസ്റ്റിനായി പരിശീലിപ്പിക്കൽ, അതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, ഗ്രാമീണ

മേഖലയിലുള്ള ഭവനങ്ങളിലെ മലിനജല നിർമ്മാർജ്ജനം സംബന്ധിച്ച് ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ, വീട്ടുവളപ്പിലെ മലിനജലം ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്ന പ്രവൃത്തികളിൽ പരിശീലനം നൽകൽ എന്നീ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 2022-23 സാമ്പത്തിക വർഷം മുതൽ ബജറ്റ് വിഹിതം പൂർണമായും ലഭിക്കാത്തതിനാൽ പൂർത്തീകരിക്കാൻ സാധിക്കാത്ത പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 02- 102- 99-02—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ചമൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും-ഗ്രാമീണ ശുചിത്വ സേവനം- ജലത്തിന്റെ ഗുണനിലവാര നിരീക്ഷണവും ഗ്രേ വാട്ടർ മാനേജ്മെന്റും- ദുർബല വിഭാഗങ്ങളുടെ കോളനികളിൽ ഗ്രേ വാട്ടർ മാനേജ്മെന്റ്

വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

28) ദുർബല ജനവിഭാഗങ്ങളുടെ കോളനികളിൽ ഗ്രേ വാട്ടർ മാനേജ്മെന്റിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4215 - 02- 190- 99—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ചമൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും -പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള വായ്പകൾ - കേരള ജല അതോറിറ്റിയുടെ മാലിന്യ സംസ്കരണ പദ്ധതി

വിഹിതം : 30 കോടി രൂപ (പ്ലാൻ)

29) കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും സ്വച്ഛ് ഭാരത് മിഷൻ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്കായുള്ള സ്വീവറേജ് നെറ്റ് വർക്ക് സ്ഥാപിക്കൽ ഉൾപ്പെടെയുള്ള 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 492.44 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ - XXIX (കൃഷി)

വോട്ട് ചെയ്തത് : 3596.3825 കോടി രൂപ

ചാർജ്ജ് ചെയ്തത് : 5.78 ലക്ഷം രൂപ

**2702 — ചെറുകിട ജലസേചനം**

2702- 01-800 -94 - 34—ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - മറ്റു ചെലവുകൾ

വിഹിതം : 35.0182 കോടി രൂപ (നോൺ പ്ലാൻ)

30) ജലസേചന വകുപ്പിന് കീഴിലുള്ള വിവിധ നിർമ്മിതികളുടെ സുഗമമായ പ്രവർത്തനത്തിനും അവയുടെ വാർഷിക പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കും അപ്രതീക്ഷിതമായ കാലാവസ്ഥ വ്യതിയാനം കാരണം നിർമ്മിതികൾക്കുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702- 01-800-88-33—ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി - സബ്സിഡികൾ

വിഹിതം : 15.75 കോടി രൂപ (നോൺ പ്ലാൻ)

31) ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്ക് വേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിന് വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി 2024-25 സാമ്പത്തിക വർഷത്തെ കുടിശ്ശിക സഹിതം നൽകുന്നതിനായി ഈ ശീർഷകത്തിൽ 19 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702- 01- 800- 86—ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലിനമായ നദികൾ പുനഃസ്ഥാപിക്കൽ

വിഹിതം : 2 കോടി രൂപ (പ്ലാൻ)

32) ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം കേരളത്തിലെ നദികളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും അതുവഴി ട്രൈബ്യൂണൽ ചുമത്താൻ സാധ്യതയുള്ള പിഴ ഒഴിവാക്കുന്നതിനുമുള്ള പദ്ധതികൾ പൂർണമായി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-02-005-99-05-4—ചെറുകിട ജലസേചനം - ഭൂഗർഭജലം - അന്വേഷണം - ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും -ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

വിഹിതം : 2.10 ലക്ഷം രൂപ (പ്ലാൻ)

33) ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള എല്ലാ ചെലവുകളും നിർവ്വഹിക്കുന്ന പ്രസ്തുത ശീർഷകത്തിൽ ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.9 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-02-005-99-00-19—ചെറുകിട ജലസേചനം - ഭൂഗർഭജലം - അന്വേഷണം -ഭൂഗർഭ ജലത്തിനുള്ള അന്വേഷണവും വികസനവും -യന്ത്രോപകരണങ്ങൾ

വിഹിതം : 1.3786 കോടി രൂപ (പ്ലാൻ)

34) ഡ്രില്ലിംഗ് റിഗ്ഗുകളുടെ റിപ്പയർ, പുതിയ ഡ്രില്ലിംഗ് സാമഗ്രികൾ വാങ്ങൽ തുടങ്ങിയ ചെലവുകൾക്കായും സാധനങ്ങളുടെ വിലയിലും ട്രാൻസ്പോർട്ടേഷൻ നിരക്കുകളിലും ഇതുമായി ബന്ധപ്പെട്ട മറ്റ് ഇനങ്ങളിലുമുണ്ടായ കാലാനുസൃതമായ വർദ്ധനവ് മൂലമുള്ള അധിക ചെലവ് നിർവ്വഹിക്കുന്നതിനും കൂടാതെ പതിനഞ്ച് വർഷത്തിനു മുകളിൽ പഴക്കമുള്ള വാഹനങ്ങൾ ഉപേക്ഷിക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ സ്ക്രാപ്പേജ് പോളിസിയുടെ അടിസ്ഥാനത്തിൽ 24 കുഴൽ കിണർ നിർമ്മാണ റിഗ്ഗുകളുടെയും ഒരു പമ്പിങ് ടെസ്റ്റ് യൂണിറ്റിന്റെയും രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടുള്ളതിനാലും ഈ ശീർഷകത്തിൽ 14.0714 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702- 02- 103-99—ചെറുകിട ജലസേചനം - ഭൂഗർഭജലം - കുഴൽ കിണറുകൾ - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി

വിഹിതം : 1.58 കോടി രൂപ (പ്ലാൻ)

35) ജലക്ഷാമമുള്ള പ്രദേശങ്ങളിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി 50 ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം, 50 കുഴൽ കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികൾ, 20 റീചാർജ്ജ് പദ്ധതികളുടെ പുനരുദ്ധാരണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702- 03- 101- 98-02-34—ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ- സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു തീർക്കൽ - മറ്റു ചെലവുകൾ

വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

36) ജലസേചന വകുപ്പിനു കീഴിലുള്ളതും കാലപ്പഴക്കംമൂലം പൂർണമായും ഉപയോഗപ്രദമല്ലാത്തതുമായ നിർമ്മിതികളുടെ പുനരുദ്ധാരണ/നവീകരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-03-101-98-03-34-3—ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ -വാട്ടർ ടാങ്കുകൾ- സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - വെള്ളപ്പൊക്കനാശം മൂലമുള്ള അറ്റകുറ്റപ്പണികൾ -മറ്റു ചെലവുകൾ-മറ്റിനം

വിഹിതം : 13.9755 കോടി രൂപ (നോൺ പ്ലാൻ)

37) അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കംമൂലം തോടുകൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702- 03- 101- 95—ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ - നിലവിലുള്ള പ്രോജക്ട് ഏരിയയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ - ഒറ്റത്തവണ സഹായം

വിഹിതം : ഇല്ല

38) ജലസേചന വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങളിൽ ഭൂരിഭാഗവും കാലപ്പഴക്കമുള്ളവയും അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ശോചനീയാവസ്ഥയിലുള്ളവയുമാണ്. പ്രസ്തുത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2702-80-005-99-34—ചെറുകിട ജലസേചനം - ജനറൽ-അന്വേഷണം - ചെറുകിട ജലസേചന പണികളെപ്പറ്റിയുള്ള വിശദമായ അന്വേഷണവും സംയോജിത പദ്ധതികൾ തയ്യാറാക്കലും - മറ്റു ചെലവുകൾ

വിഹിതം : 50 ലക്ഷം രൂപ ( പ്ലാൻ)

39) ജനപ്രതിനിധികളിൽ നിന്നും കർഷക സമിതികളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ പുതിയ ചെറുകിട ജലസേചന പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള പര്യവേഷണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 4702—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്

4702-00-101-99—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതി ക്ലാസ് -I

വിഹിതം : 12 കോടി രൂപ ( പ്ലാൻ)

40) കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലഭ്യമായ എസ്റ്റിമേറ്റുകളും അപേക്ഷകളും അനുസരിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ഹെക്ടറിനു മുകളിൽ 2000 ഹെക്ടർ വരെ വിസ്തൃതിയുള്ള സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702- 00- 101- 89—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതല ജലം -മലബാർ ജലസേചന പാക്കേജ് (മിർപാ)- റെഗുലേറ്ററുകളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെയും പുനരുദ്ധാരണം.

വിഹിതം : 5 കോടി രൂപ (നോൺ പ്ലാൻ)

41) മലബാർ മേഖലയിൽ ചെറുകിട ജലസേചനത്തിനായി നിലവിലുള്ള സ്കീമുകളുടെ പുനരുദ്ധാരണ, നവീകരണ പ്രവൃത്തികൾ നടപ്പിലാക്കി നിലവിലുള്ള ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702- 00- 101- 87—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - കുളങ്ങളുടെ നവീകരണം

വിഹിതം : ഇല്ല.

42) ജലസേചന സൗകര്യത്തിനുതകുന്ന പൊതുകുളങ്ങളുടെ നവീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702- 00- 101- 82—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - ചെറുകിട ജലസേചന പദ്ധതി ക്ലാസ്സ് II

വിഹിതം : 16 കോടി രൂപ (പ്ലാൻ)

43) കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലഭ്യമായ എസ്റ്റിമേറ്റുകളും അപേക്ഷകളും അനുസരിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ചെറുകിട കർഷകർക്ക് സഹായകരമായ തരത്തിൽ 50 ഹെക്ടർ വരെ വിസ്തൃതിയുള്ള സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-79—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം- ചെക്ക് ഡാമുകളും റെഗുലേറ്ററുകളും

വിഹിതം : ഇല്ല.

44) വരൾച്ച പ്രതിരോധിക്കുന്നതിനും ഭൂഗർഭജലവിതാനം ഉയർത്തുന്നതിനുമായി നദികളിലും പുഴകളിലും തോടുകളിലും ചെക്ക് ഡാമുകൾ/ റെഗുലേറ്ററുകൾ നിർമ്മിച്ച് ജലസംഭരണം നടത്തുന്നതിനായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-77—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ

വിഹിതം : 2.60 കോടി രൂപ (പ്ലാൻ)

45) കാവേരി നദീജല തർക്ക പരിഹാര ട്രിബ്യൂണൽ വഴി കേരളത്തിന് അനുവദിച്ച ജലം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി കബനി നദീതടത്തിൽ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-73—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനഃസ്ഥാപനം

വിഹിതം : 2 കോടി രൂപ (പ്ലാൻ)

46) അപ്രതീക്ഷിതമായ വെള്ളപ്പൊക്കവും മഴക്കെടുതിയുംമൂലം എൽ.ഐ. പദ്ധതികൾക്കും അനുബന്ധ ഉപകരണങ്ങൾക്കും വലിയ തോതിൽ നാശ നഷ്ടങ്ങൾ സംഭവിക്കുന്നതിനാൽ അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രവർത്തന രഹിതമായ എൽ.ഐ. പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കും കൂടുതൽ പ്രദേശത്ത് കാർഷിക ആവശ്യങ്ങൾക്കായി ജലം ലഭ്യമാക്കുന്നതിനാവശ്യമായ ലീഡിംഗ് ചാനലിന്റെ നിർമ്മാണത്തിനും നിലവിലുള്ള കനാലുകളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702- 00- 101- 66—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം- ചെറുകിട ജലസേചന പദ്ധതികൾ ക്ലാസ്സ് I- (ഹരിത കേരളം)

വിഹിതം : 17.10 കോടി രൂപ (പ്ലാൻ)

47) ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702- 00- 101- 65—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം- ചെറുകിട ജലസേചന പദ്ധതി ക്ലാസ് II- ഹരിത കേരളം

വിഹിതം : 6.5 കോടി രൂപ (പ്ലാൻ)

48) ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-64—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം- ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം

വിഹിതം : ഇല്ല

49) ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്താത്ത ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം

ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-101-63-01—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം- ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - ഹരിത കേരളം പദ്ധതികൾ-മരാമത്തുകൾ

വിഹിതം : 6.1779 കോടി രൂപ (പ്ലാൻ)

50) ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4702-00-102-94-01—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഭൂഗർഭജലം - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി- മരാമത്തുകൾ.

വിഹിതം : 3.2949 കോടി രൂപ (പ്ലാൻ)

51) കുടിവെള്ള ലഭ്യത പൂർണമായോ ഭാഗീകമായോ ഇല്ലാത്ത പ്രദേശങ്ങളിലെ 2500 കുടുബങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കുവാൻ സാധിക്കുന്ന തരത്തിൽ 60 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും, 190 ബോർവെൽ / ട്യൂബ് വെൽ എന്നിവ നിർമ്മിക്കുന്നതിനും, 10 ജലശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഉപശീർഷകം ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്**

52) പതിനഞ്ച് വർഷത്തിനു മുകളിൽ പഴക്കമുള്ള വാഹനങ്ങൾ ഉപേക്ഷിക്കാനുള്ള കേന്ദ്രസർക്കാരിന്റെ പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പിന്റെ രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ട 33 ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾക്കും 20 ഹെവി ലോറികൾക്കും പകരമായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായും ഫീൽഡ്തല ആവശ്യങ്ങൾക്കായി ആദ്യഘട്ടമെന്ന നിലയിൽ നാല് e-vehicle വാങ്ങുന്നതിനും ഡ്രില്ലിംഗിന് ആവശ്യമായി വരുന്ന പൈപ്പുകൾ, ഗ്രാവൽ, മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ കുഴൽ കിണർ നിർമ്മാണം നടക്കുന്ന സ്ഥലങ്ങളിൽ ലഭ്യമാക്കുന്നതിനായി ആദ്യഘട്ടം എന്ന നിലയിൽ ഏഴ് പുതിയ ലോറികൾ വാങ്ങുന്നതിനായും 2702-02-005-99-00-21 എന്ന പദ്ധതി ശീർഷകത്തിൻ കീഴിൽ (1) എന്ന പുതിയ ഉപശീർഷകം ഉൾപ്പെടുത്തി പ്രസ്തുത ശീർഷകത്തിൽ 2.55 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53) 28-6-2022 തീയതിയിലെ ധനകാര്യ (രഹസ്യ) വകുപ്പിന്റെ സ. ഉ.(അ) നമ്പർ 78/2022/ധന ഉത്തരവ് പ്രകാരം വാടകയ്ക്കെടുക്കുന്ന വാഹനത്തിന്റെ വാടക ചെലവ് 2702-02-005-99-97 എന്ന ശീർഷകത്തിൽ നിന്നും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. വകുപ്പിന്റെ വാഹനങ്ങൾ condemn ചെയ്യുന്നതിന് പകരമായി പുതിയവ വാങ്ങുന്നതിന് നിലവിൽ നിയന്ത്രണമുള്ളതിനാൽ എല്ലാ ജില്ലകളിലും വാഹനങ്ങൾ വാടകയ്ക്ക് എടുത്താണ് ദൈനംദിനാവശ്യങ്ങൾ നടത്തിവരുന്നത് . എന്നാൽ പ്രസ്തുത ചെലവിനായി ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ വകുപ്പിന്റെ പ്രവർത്തനത്തെ ഇത് സാരമായി ബാധിക്കുന്ന സാഹചര്യത്തിൽ 2702-02-005-99 എന്ന പദ്ധതി ശീർഷകത്തിൻ കീഴിൽ 97 എന്ന ഉപ ശീർഷകം ഉൾപ്പെടുത്തി പ്രസ്തുത ശീർഷകത്തിൽ 1.25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ - XXXVIII (ജലസേചനം)

വോട്ട് ചെയ്തത് : 882.3806 കോടി രൂപ

ചാർജ്ജ് ചെയ്തത് : 57.29 ലക്ഷം രൂപ

**2700—വൻകിട ജലസേചനം**

2700-01-101 - 99—വൻകിട ജലസേചനം - പെരിയാർ നദീതട പദ്ധതി(വാണിജ്യപരം ) സംരക്ഷണപ്പണികൾ - വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ്

വിഹിതം : 60 ലക്ഷം രൂപ (നോൺ പ്ലാൻ)

54) പി.വി.ഐ.പി.-യുടെ കനാലുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് സുഗമമായ ജലവിതരണം ഉറപ്പാക്കുന്നതിനുവേണ്ടി കനാലുകളിലെ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനായി എച്ച്. ആർ വർക്കർമാരെ നിയോഗിക്കേണ്ടത് അനിവാര്യമായതിനാലും കനാലുകൾക്ക് സമീപം അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനും പി.വി.ഐ.പി. പൊന്നും വിലയ്ക്കെടുത്ത ഭൂമി നഷ്ടപ്പെടാതെ സംരക്ഷിക്കുന്നതിനും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-01-101-98-18—വൻകിട ജലസേചനം - പെരിയാർ നദീതട പദ്ധതി (വാണിജ്യപരം ) സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ- സംരക്ഷണം

വിഹിതം : 7.5 കോടി രൂപ (നോൺ പ്ലാൻ)

55) ഈ പദ്ധതിയിൽ ഏകദേശം 40 വർഷം മുൻപ് നിർമ്മിച്ച മിക്ക കനാലുകളുടെയും ലൈനിംഗ് തകർന്ന നിലയിലും ഹൈഡ്രോളിക് പർട്ടിക്കുലേഷിന് വ്യതിയാനം സംഭവിച്ചിട്ടുള്ള നിലയിലുമായതിനാൽ കൂടുതൽ കനാലുകൾ തകരാതിരിക്കുവാൻ പ്രസ്തുത കനാലുകളുടെ

പുനരുദ്ധാരണ പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കുവാനും കനാലുകളുടെ അവസാന ഭാഗം വരെ ജലലഭ്യത ഉറപ്പാക്കി ജലസേചന ആവശ്യങ്ങൾ പൂർണമായും കൈവരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10.1117 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശചെയ്യുന്നു.

2700-01-101-98-82—വൻകിട ജലസേചനം-പെരിയാർ നദീതട പദ്ധതി (വാണിജ്യപരം)-സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ-മറ്റ് ചെലവുകൾ-ഗാർഡനുകൾ

വിഹിതം : 8 ലക്ഷം രൂപ (നോൺ പ്ലാൻ)

56) പെരിയാർവാലി പൂന്തോട്ട പരിപാലനത്തിനും ടൂറിസം സാധ്യതകൾ പരിഗണിച്ചുള്ള പ്രവൃത്തികളുടെ നിർവ്വഹണത്തിനുമായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-03-101—വൻകിട ജലസേചനം - വാളയാർ പദ്ധതി (വാണിജ്യപരം)-സംരക്ഷണപ്പണികൾ

വിഹിതം : 90.02 ലക്ഷം രൂപ (നോൺ പ്ലാൻ)

57) 3997 ഹെക്ടർ വിസ്തൃതിയുള്ള കാർഷിക മേഖലയിലെ ജലസേചന കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-05—വൻകിട ജലസേചനം -മീൻകര പദ്ധതി (വാണിജ്യപരം)

വിഹിതം : 1.3905 കോടി രൂപ (നോൺ പ്ലാൻ)

58) ഗായത്രിപ്പുഴ Stage-I spillover 2 പദ്ധതികളുടെ 5465 ഹെക്ടർ പ്രദേശത്തേക്കുള്ള ജലസേചന കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-11-101-99—വൻകിട ജലസേചനം - നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ-വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ് -വേതനം

വിഹിതം : 31 ലക്ഷം രൂപ (നോൺ പ്ലാൻ)

59) നെയ്യാർ ജലസേചന പദ്ധതിയുടെ ഭാഗവും വിനോദസഞ്ചാര കേന്ദ്രവുമായ നെയ്യാർ ഡാമിന്റെയും പരിസരപ്രദേശങ്ങളുടെയും ശുചീകരണം, പരിപാലനം തുടങ്ങിയവ നിർവഹിക്കുന്ന എച്ച് . ആർ. ജീവനക്കാർക്കും നെയ്യാർ ഡാമിന്റെ സെക്യൂരിറ്റി ചുമതല നിർവ്വഹിക്കുന്ന

KEXCON മുഖേന കരാറടിസ്ഥാനത്തിൽ നിയമിതരായിരിക്കുന്ന വിമുക്തഭടന്മാർക്കും വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-12—വൻകിട ജലസേചനം - പഴശ്ശി പദ്ധതി (വാണിജ്യേതരം)

വിഹിതം : 4.3005 കോടി രൂപ (നോൺ പ്ലാൻ)

60) കനാലുവഴിയുള്ള ജലസേചനത്തിന് മുന്നോടിയായുള്ള കാട്ടുവെട്ടിത്തെളിക്കൽ, സിൽട്ട് നീക്കം ചെയ്യൽ തുടങ്ങിയ പ്രാഥമിക പ്രവൃത്തികൾക്കും മരം മുറിക്കൽ തുടങ്ങിയവയ്ക്കുമായി ഈ ശീർഷകത്തിൽ 2.45 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-14-101-98-18—വൻകിട ജലസേചനം-വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ-സംരക്ഷണപ്പണികൾ -മറ്റ് ചെലവുകൾ-സംരക്ഷണം

വിഹിതം : 40 ലക്ഷം രൂപ (നോൺ പ്ലാൻ)

61) വാഴാനി പദ്ധതിയുടെ കീഴിൽ വരുന്ന ഡാമിന്റെയും കനാലുകളുടെയും ചിറകളുടെയും അടിയന്തര അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 10.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-16-101-99—വൻകിട ജലസേചനം - പമ്പാ ജലസേചനപദ്ധതി (വാണിജ്യേതരം)- സംരക്ഷണപ്പണികൾ - വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ് മെന്റ്

വിഹിതം : 30 ലക്ഷം രൂപ (നോൺ പ്ലാൻ)

62) താൽക്കാലിക ജീവനക്കാരുടെ വേതനം നൽകുന്നതിനായും പദ്ധതിയുടെ മറ്റ് ചെലവുകൾക്കായും ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-16-101-98—വൻകിട ജലസേചനം - പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)- സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ- മറ്റ് ചെലവുകൾ

വിഹിതം : 3.8 കോടി രൂപ (നോൺ പ്ലാൻ)

63) നാല്പതിലേറെ വർഷം പഴക്കമുള്ള കനാലുകൾ പലതും പൊട്ടിപ്പൊളിഞ്ഞതും തകർന്ന നിലയിലുമായതിനാൽ ആയവ അറ്റകുറ്റപ്പണി നടത്തി കനാലിന്റെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 19.85 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-18—വൻകിട ജലസേചനം - കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

വിഹിതം : 7.5910 കോടി രൂപ (നോൺ പ്ലാൻ)

64) കാഞ്ഞിരപ്പുഴ ഡാമിന്റെയും കനാലുകളുടെയും മറ്റ് അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾക്കും ജലവിതരണത്തിന് മുന്നോടിയായി കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും വളർന്ന നിൽക്കുന്ന ചെടികളും നീക്കം ചെയ്യുന്നതിനുമായി ഈ ശീർഷകത്തിൽ 1.5270 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-26-101-98-34-2—വൻകിട ജലസേചനം-തണ്ണീർമുക്കം പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ-മറ്റ് ചെലവുകൾ- വൈദ്യുതി ചെലവ്

വിഹിതം : 2.08 ലക്ഷം രൂപ (നോൺ പ്ലാൻ)

65) തണ്ണീർമുക്കം റെഗുലേറ്ററുകളുടെ പ്രവർത്തനത്തിനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഉൾപ്പെടെ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2700-27-101-98-18—വൻകിട ജലസേചനം-കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ -മറ്റ് ചെലവുകൾ-സംരക്ഷണം

വിഹിതം : 4.5 കോടി രൂപ (നോൺ പ്ലാൻ)

66) നാല്പതിലേറെ വർഷം പഴക്കമുള്ള കനാലും അനുബന്ധനിർമ്മിതികളും അത്യന്തം ശോചനീയാവസ്ഥയിലും ജീർണ്ണിച്ച നിലയിലുമായതിനാൽ ആയിരം കിലോമീറ്ററോളം ദൈർഘ്യമുള്ള പ്രസ്തുത കനാൽ പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**2701 — ഇടത്തരം ജലസേചനം**

2701-02-101-98—ഇടത്തരം ജലസേചനം- ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)- സംരക്ഷണപ്പണികൾ-സംരക്ഷണപ്പണികൾ-മറ്റ് ചെലവുകൾ

വിഹിതം : 1.9001 കോടി രൂപ (നോൺ പ്ലാൻ)

67) കനാലുകളുടെ സൈഡ് ലൈനിംഗ് , കനാൽ ബെഡ് തുടങ്ങിയവ മോശം അവസ്ഥയിലായതിനാൽ വിതരണം ചെയ്യുന്ന ജലം കനാലുകളുടെ അവസാന ഭാഗം വരെ എത്താതിരിക്കുന്ന അവസ്ഥയായതിനാൽ കാലപ്പഴക്കം വന്ന പ്രസ്തുത കനാലുകൾ

അറ്റകുറ്റപ്പണി ചെയ്ത ജലവിതരണം സുഗമമാക്കുന്നതിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-03-101-98-18—ഇടത്തരം ജലസേചനം- ചീരക്കുഴി പദ്ധതി (വാണിജ്യപരം)- സംരക്ഷണപ്പണികൾ- സംരക്ഷണപ്പണികൾ- മറ്റ് ചെലവുകൾ - സംരക്ഷണം

വിഹിതം : 90 ലക്ഷം രൂപ (നോൺ പ്ലാൻ)

68) 2024 നവംബർ മാസം ഉണ്ടായ അപ്രതീക്ഷിത മഴയും വെള്ളപ്പൊക്കവുംമൂലം ചീരക്കുഴി വിയറിനും സമീപ ഭാഗങ്ങൾക്കും കനാലുകൾക്കും ഉണ്ടായ ഭീമമായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 2.23 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-12—ഇടത്തരം ജലസേചനം - അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

വിഹിതം : 51000 രൂപ (നോൺ പ്ലാൻ)

69) ഗൂളിക്കടവ് - ചിറ്റൂർ റോഡിലെ അടിയന്തര പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-14-101-98-18—ഇടത്തരം ജലസേചനം- ചിമ്മിണി പദ്ധതി (വാണിജ്യേതരം ) - സംരക്ഷണപ്പണികൾ- സംരക്ഷണപ്പണികൾ-മറ്റ് ചെലവുകൾ - സംരക്ഷണം

വിഹിതം : 75 ലക്ഷം രൂപ (നോൺ പ്ലാൻ)

70) ജിയോ ബാഗ് ഉപയോഗിച്ചുള്ള ചിറകളുടെ നിർമ്മാണം, അടിയന്തര പ്രവൃത്തികൾ, ചിമ്മിണി ഡാമിന്റെ അറ്റകുറ്റപ്പണികൾ, ക്യാമ്പസ് ഓഫീസ് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 32 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

2701-15-101-98-34-2—ഇടത്തരംജലസേചനം- കുട്ടനാട് വികസന പദ്ധതി (വാണിജ്യേതരം)- സംരക്ഷണപ്പണികൾ മറ്റ് - ചെലവുകൾ - വൈദ്യുതി ചെലവ്

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

71) തോട്ടപ്പള്ളി സ്പിൽവേയുടെ വൈദ്യുതി ചെലവിനത്തിനായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-20-101—<u>ഇടത്തരം ജലസേചനം - വെള്ളിയാംകല്ല് കാസ്‌വേ (വാണിജ്യേതരം)- സംരക്ഷണപ്പണികൾ</u>

വിഹിതം : 17.69 ലക്ഷം രൂപ (നോൺ പ്ലാൻ)

72) എച്ച് . ആർ. ജീവനക്കാരുടെ വേതനം, വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങളിലുള്ള നിലവിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി <u>ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2701-80-001-92-99—<u>ഇടത്തരം ജലസേചനം - ജനറൽ - ഭരണവും നടത്തിപ്പും - വകുപ്പ് നവീകരണവും ഇ- ഗവേർണൻസും- വിവരസാങ്കേതിക വിദ്യ</u>

വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

73) ജലസേചന വകുപ്പിലെ ഐ. ടി. ഉപകരണങ്ങളുടെ അപര്യാപ്തത ഇ-ഓഫീസ്, ഇ-ഗവേർണൻസ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതിനാലും ഇ-ഓഫീസ് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും സിസ്റ്റം ഡെഫിഷ്യൻസിയും തമ്മിലുള്ള ഗ്യാപ്പ് അനാലിസിസ് നടത്തി ഡിവിഷൻ തലം വരെയുള്ള കമ്പ്യൂട്ടർ ആവശ്യകത വിലയിരുത്തിയപ്പോൾ 1350 ലാപ്ടോപ്പുകൾ, 150 സ്കാനറുകൾ എന്നിവ നടപ്പ് സാമ്പത്തിക വർഷം തന്നെ വകുപ്പിന് അടിയന്തരമായി ആവശ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും ഇ-ഓഫീസ് നടപ്പിലാക്കൽ, ഐ.ടി. ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, വെബ്സൈറ്റ് അപ്ഗ്രഡേഷൻ, മറ്റ് ഇ-ഗവേർണൻസ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായി <u>ഈ ശീർഷകത്തിൽ 5.01 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2701-80-003-99—<u>ഇടത്തരം ജലസേചനം - ജനറൽ - പരിശീലനം -പ്രത്യേക പരിശീലന പരിപാടി</u>

വിഹിതം : 40 ലക്ഷം രൂപ ( പ്ലാൻ)

74) ജലസേചന വകുപ്പിലെ ഐ.ടി സെല്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതോടൊപ്പം വിപുലീകരണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാർക്ക് ഇ-ഗവേർണൻസ്, വെബ്സൈറ്റ് അപ്ഗ്രഡേഷൻ, വിവിധ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് PRICE -3, e-Tender, e-Moniter, e-Office, SPARK, BIMS, BAMS

എന്നിവയിൽ പരിശീലനം നല്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-005-93—ഇടത്തരം ജലസേചനം - ജനറൽ - സർവ്വേയും ഇൻവെസ്റ്റിഗേഷനും- ഡിസൈൻ വിംഗ് -ആധുനികവൽക്കരണം

വിഹിതം : 2 കോടി രൂപ ( പ്ലാൻ)

75) ഡിസൈൻ വിഭാഗങ്ങളിൽ അത്യാവശ്യമായി വേണ്ട സോഫ്റ്റ്‌വെയർ, പ്ലോട്ടർ, ഡിസൈൻ സോഫ്റ്റ്‌വെയർ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ഉപകരണങ്ങളുടെയും സോഫ്റ്റ്‌വെയറുകളുടെയും ആനുവൽ മെയിൻറനൻസ് കോൺട്രാക്ട് , പരിശീലന പരിപാടികൾ, വിവിധ അന്താരാഷ്ട്ര ദേശീയ സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധരുമായുള്ള സാങ്കേതിക ചർച്ചകൾ, നിലവിലുള്ള ഐ. ഡി. ആർ. ബി. ബോർഡ് റൂമിന്റെ ആധുനിക സജ്ജീകരണങ്ങളോട് കൂടിയ നവീകരണം, ഐ. ഡി. ആർ. ബി. യിലെ ഉദ്യോഗസ്ഥർക്ക് കേന്ദ്ര ജല കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള ഡിസൈൻ ഓഫ് ഡാം ആൻഡ് അപ്പർട്ടൻസ് സ്ട്രക്ചേഴ്സ് എന്ന വിഷയത്തിൽ പൂനെ നാഷണൽ വാട്ടർ അക്കാദമി മുഖാന്തരം നടപ്പിലാക്കുന്ന മൂന്നാഴ്ച നീണ്ടുനിൽക്കുന്ന വിദഗ്ധ പരിശീലനത്തിനുള്ള ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701 -80 -005- 92—ഇടത്തരം ജലസേചനം - ജനറൽ - സർവ്വേയും ഇൻവെസ്റ്റിഗേഷനും- ഹൈഡ്രോളജി ഇൻഫർമേഷൻ സിസ്റ്റം- ആധുനികവൽക്കരണം

വിഹിതം : 1.1 കോടി രൂപ ( പ്ലാൻ)

76) കേരളത്തിൽ ഉടനീളം സ്ഥാപിച്ചിട്ടുള്ള River Gauge, Rain Gauge സ്റ്റേഷനുകളുടെ അറ്റകുറ്റപ്പണികൾ, കേടായ ഉപകരണങ്ങൾ മാറ്റി പുതിയവ വാങ്ങുന്ന പ്രവൃത്തികൾ, വിവരശേഖരണത്തിനുള്ള ഉപകരണങ്ങൾ വാങ്ങൽ, ഡാറ്റാ സെന്ററുകളുടെ പരിപാലനം തുടങ്ങിയ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-052-98-34-3—ഇടത്തരം ജലസേചനം - ജനറൽ-യന്ത്രോപകരണങ്ങൾ- വാഹനങ്ങളും അറ്റകുറ്റപ്പണികളും - മറ്റ് ചെലവുകൾ- മറ്റിനം.

വിഹിതം : 90 ലക്ഷം രൂപ (നോൺ പ്ലാൻ)

77) വകുപ്പ് പുതുതായി വാങ്ങി ഉപയോഗിക്കുന്ന എസ്കവേറ്റർ, ഡ്രഡ്ജർ, ജെ.സി.ബി. എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2701-80-800-73—ഇടത്തരം ജലസേചനം - ജനറൽ - മറ്റ് ചെലവുകൾ - നദികളുടെയും അരുവികളുടെയും പുനരുജ്ജീവനം

വിഹിതം : 2 കോടി രൂപ ( പ്ലാൻ)

78) വെള്ളപ്പൊക്കം തടയാനും ഭൂഗർഭ ജലനിരപ്പ് ഉയർത്താനും ജനജീവിതം സുരക്ഷിതമാക്കാനും ജലഗതാഗത ശേഷി മെച്ചപ്പെടുത്തുന്നതിനുമായി നിലവിലുള്ള നദികളിലെയും അരുവികളിലെയും മണലും കളകളും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതിനും തീരങ്ങളുടെ അവശ്യ സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 2711—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും

2711-01-001-99-01-4—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും- നടത്തിപ്പ് , ചീഫ് എൻജിനീയർ കുട്ടനാട് പാക്കേജ് (75% സി.എസ് .എസ് .)-ശമ്പളം-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

വിഹിതം : 3 ലക്ഷം രൂപ (നോൺ പ്ലാൻ)

79) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 3.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-01-001-99-05-2—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും -വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും-നടത്തിപ്പ് , ചീഫ് എൻജിനീയർ കുട്ടനാട് പാക്കേജ് (75% സി.എസ് .എസ് .)-ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ്

വിഹിതം : 1.67 ലക്ഷം രൂപ (നോൺ പ്ലാൻ)

80) വൈദ്യുതി നിരക്കിൽ ഉണ്ടായ വർദ്ധനവ് നികത്തുന്നതിലേക്കായി കേന്ദ്രീകൃത ബില്ലിംഗിലൂടെ കീഴ് - കാര്യാലയങ്ങളിലേത് ഉൾപ്പെടെയുള്ള വൈദ്യുതി ചാർജ്ജ് ഒടുക്കിവരുന്ന

പ്രസ്തുത ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-01-001-97-21-2—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും-നടപ്പാക്കൽ കുട്ടനാട് പാക്കേജ് (75% സി.എസ് .എസ് .)- മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 7,000 രൂപ (നോൺ പ്ലാൻ)

81) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനായുള്ള കാര്യാലയത്തിന് കീഴിലുള്ള അഞ്ച് ഡിവിഷൻ ഓഫീസുകളിലെയും അനുബന്ധ കാര്യാലയങ്ങളിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണി ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിനും വാഹനങ്ങളുടെ കാലപ്പഴക്കവും സ്പെയർപാർട്സുകളുടെ വിലവർദ്ധനവും മൂലമുണ്ടാകുന്ന അധിക ചെലവ് നികത്തുന്നതിനുമായി ഈ ശീർഷകത്തിൽ 1.93 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-01-001-97-45—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും- നടപ്പാക്കൽ കുട്ടനാട് പാക്കേജ് (75% സി.എസ് .എസ് .)- പി. ഒ. എൽ

വിഹിതം : 2.29 ലക്ഷം രൂപ (നോൺ പ്ലാൻ)

82) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനായുള്ള കാര്യാലയത്തിന് കീഴിലുള്ള 5 ഡിവിഷൻ ഓഫീസുകൾക്കും അനുബന്ധ കാര്യാലയങ്ങൾക്കും ഇന്ധന ചെലവ് ഇനത്തിലുള്ള കുടിശ്ശിക നിവാരണത്തിനും ഇന്ധന വില വർദ്ധനവ് മൂലമുള്ള അധിക ചെലവ് നികത്തുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-01-001-97-99—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും-വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും- നടപ്പാക്കൽ കുട്ടനാട് പാക്കേജ് (75% സി.എസ് . എസ് .)- വിവരസാങ്കേതിക വിദ്യ

വിഹിതം : 7,5000 രൂപ (നോൺ പ്ലാൻ)

83) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനായുള്ള കാര്യാലയത്തിന് കീഴിലുള്ള അഞ്ച് ഡിവിഷൻ ഓഫീസുകൾക്കും അനുബന്ധ കാര്യാലയങ്ങൾക്കും അനുവദിച്ചിട്ടുള്ള കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും പരിപാലനത്തിനായും ഇ - ഓഫീസ് സംവിധാനം

നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള അധിക ചെലവ് നികത്തുന്നതിനുമായി ഈ ശീർഷകത്തിൽ 1.25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-01-103-99-34-3—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും -വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് - വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾ -സംരക്ഷണം- മറ്റ് ചെലവുകൾ - മറ്റിനം.

വിഹിതം : 12 കോടി രൂപ (നോൺ പ്ലാൻ)

84) തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനായുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-01-103-98-34-3—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും -വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് - വെള്ളപ്പൊക്കക്കെടുതികൾ മൂലമുള്ള അറ്റകുറ്റപ്പണികൾ - മറ്റ് ചെലവുകൾ - മറ്റിനം.

വിഹിതം : 7.5 കോടി രൂപ (നോൺ പ്ലാൻ)

85) തുടർച്ചയായുണ്ടാകുന്ന പ്രളയം മൂലമുള്ള കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-02-103-99-34-3—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ വർക്സ് - കടലാക്രമണ നിരോധന പണികൾ -സംരക്ഷണം - മറ്റു ചെലവുകൾ - മറ്റിനം.

വിഹിതം : 10 കോടി രൂപ (നോൺ പ്ലാൻ)

86) കാലാവസ്ഥാ വ്യതിയാനം കാരണം അടിക്കടിയുണ്ടാകുന്ന കള്ളക്കടൽ പ്രതിഭാസം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2711-02-800-98—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും- കടലാക്രമണ നിരോധന പദ്ധതികൾ - മറ്റ് ചെലവുകൾ - തീരദേശ സംരക്ഷണ പഠനം

വിഹിതം : 53 ലക്ഷം രൂപ (പ്ലാൻ)

87) Shore Lining Management Plan (SLMP) പ്രകാരമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ ബയോമെട്രിക് ടോപോഗ്രാഫിക് പഠനങ്ങൾ നടത്തുന്നതിനും 2025-26 സാമ്പത്തിക വർഷം ആരംഭിക്കേണ്ടതായ പദ്ധതികൾ സംബന്ധിച്ച സാമൂഹിക, പാരിസ്ഥിതിക പഠനങ്ങൾ നടത്തുന്നതിനും അവയുടെ രൂപകല്പന നിർവഹിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4700 —വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്**

4700-12-800—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -പഴശ്ശി പദ്ധതി (വാണിജ്യേതരം)- മറ്റ് ചെലവുകൾ

വിഹിതം : 13 കോടി രൂപ ( പ്ലാൻ)

88) പഴശ്ശി ജലസേചന പദ്ധതിയുടെ റീ-കമ്മീഷനിംഗ് നടക്കുന്നതിനാൽ കനാൽ ശൃംഖലയും കനാൽ സ്ട്രക്ചറുകളും നവീകരിക്കുന്നതിനും അതുവഴി കനാൽ ശൃംഖലകളിലൂടെ നിർബാധം ജലം ഒഴുകുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 74 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-13-800—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)- മറ്റ് ചെലവുകൾ

വിഹിതം : 5 കോടി രൂപ ( പ്ലാൻ)

89) അൻപത് വർഷത്തോളം കാലപ്പഴക്കമുള്ള നിലവിലെ കനാൽ സ്ട്രക്ച്ചറുകളുടെ അറ്റകുറ്റപ്പണികൾക്കും പ്രതിവർഷം പതിനായിരം ഹെക്ടറിൽ കൃഷി വ്യാപിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-18-800-92—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)-മറ്റ് ചെലവുകൾ-കനാലുകൾ

വിഹിതം : 1 കോടി രൂപ ( പ്ലാൻ)

90) നാല്പത് വർഷം പഴക്കമുള്ള കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയിലൂടെയുള്ള സുഗമമായ ജലസേചനത്തിനായി കനാൽ ശൃംഖലകളുടെയും അനുബന്ധനിർമ്മിതികളുടെയും പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700 -18-800-87—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)-മറ്റ് ചെലവുകൾ-കാഞ്ഞിരപ്പുഴ പദ്ധതിയുടെ നവീകരണം (നബാർഡ് - ആർ. ഐ. ഡി .എഫ് )

വിഹിതം : 10 കോടി രൂപ ( പ്ലാൻ)

91) നബാർഡിന്റെ ആർ.ഐ.ഡി.എഫ് . മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-20-001-97—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഇടമലയാർ പദ്ധതി (വാണിജ്യേതരം)-ഭരണവും നടത്തിപ്പും-നടത്തിപ്പ്

വിഹിതം : ഇല്ല

92) ഇടമലയാർ ജലസേചന പദ്ധതിയുടെ നടത്തിപ്പിനായി അങ്കമാലിയിൽ പ്രവർത്തിക്കുന്ന ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ നമ്പർ-1 കാര്യാലയത്തിലെയും ചാലക്കുടിയിൽ പ്രവർത്തിക്കുന്ന ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ നമ്പർ-2 കാര്യാലയത്തിലെയും അവയുടെ ഉപകാര്യാലയങ്ങളിലെയും ജീവനക്കാരുടെ ശമ്പള വിതരണത്തിനും വിവിധ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ചെലവുകൾക്കായി ഈ ശീർഷകത്തിൽ 11.2971 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-20-800-97—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഇടമലയാർ പദ്ധതി (വാണിജ്യേതരം)- മറ്റ് ചെലവുകൾ - അണക്കെട്ടും അനുബന്ധ പണികളും

വിഹിതം : ഇല്ല

93) ഇടമലയാർ ജലസേചന പദ്ധതിയുടെ 32.179 കി.മീ. ദൈർഘ്യമുള്ള മെയിൻ കനാലും 14.863 കി.മീ. ദൈർഘ്യമുള്ള ലോ-ലെവൽ കനാലും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ലോ - ലെവൽ കനാലിന്റെ ബ്രാഞ്ച് കനാലുകൾ പൂർത്തീകരിച്ചിട്ടില്ല. കാർഷിക അഭിവൃദ്ധി ലക്ഷ്യമാക്കിക്കൊണ്ട് നിലവിലെ കനാലുകളുടെ ജലസേചന വിസ്തൃതി വർദ്ധിപ്പിക്കാനുള്ള പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-20-800-92—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -ഇടമലയാർ പദ്ധതി (വാണിജ്യേതരം)- മറ്റുചെലവുകൾ - കനാലുകൾ

വിഹിതം : ഇല്ല

94) ഇടമലയാർ ജലസേചന പദ്ധതിയുടെ കീഴിൽ വരുന്ന കനാലുകളുടെ അറ്റകുറ്റപ്പണികൾക്കും മറ്റ് അടിയന്തര പ്രവൃത്തികൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 21.4567 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700 -22 - 001-98—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)- ഭരണവും നടത്തിപ്പും-മേൽനോട്ടം

വിഹിതം : ഇല്ല

95) മൂവാറ്റുപുഴ പദ്ധതി സർക്കിൾ കാര്യാലയത്തിലെ ജീവനക്കാരുടെ ശമ്പള വിതരണത്തിനായും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ചെലവുകൾക്കായി ഈ ശീർഷകത്തിൽ 2.5672 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700 -22 - 001-97—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)- ഭരണവും നടത്തിപ്പും-നടത്തിപ്പ്

വിഹിതം : ഇല്ല

96) മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ നടത്തിപ്പ് കാര്യാലയങ്ങളായ മൂവാറ്റുപുഴ എം.വി.ഐ. പി. ഡിവിഷൻ നമ്പർ. 3 കാര്യാലയത്തിലെയും പിറവം ഡിവിഷൻ നമ്പർ. 4 കാര്യാലയത്തിലെയും അവയുടെ ഉപകാര്യാലയങ്ങളിലെയും ജീവനക്കാരുടെ ശമ്പള വിതരണത്തിനും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ചെലവുകൾക്കായി ഈ ശീർഷകത്തിൽ 14.4843 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700 -28 -800—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ബാണാസുര സാഗർ പദ്ധതി (വാണിജ്യേതരം)-മറ്റുചെലവുകൾ

വിഹിതം : 20 കോടി രൂപ (പ്ലാൻ)

97) സംസ്ഥാന സർക്കാരിന്റെ നിർദ്ദേശാനുസരണം 2025-26 സാമ്പത്തിക വർഷത്തോടെ ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ 840 ഹെക്ടറിന്റെ കമ്മീഷനിംഗ് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 30.26 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-28-001-97—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -ബാണാസുര സാഗർ പദ്ധതി (വാണിജ്യേതരം)-ഭരണവും നടത്തിപ്പും -നടത്തിപ്പ്

വിഹിതം : ഇല്ല

98) ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകളുടെ നിർവ്വഹണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 6.36 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-80-005-99-01—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - സർവ്വേയും അന്വേഷണവും - ജലസേചന പദ്ധതികളിന്മേൽ അന്വേഷണം - മരാമത്തുപണികൾ

വിഹിതം : 2.0474 കോടി രൂപ (പ്ലാൻ)

99) കാവേരി നദീജല തർക്ക പരിഹാര ട്രൈബ്യൂണലിന്റെ വിധി പ്രകാരം കേരളത്തിന് അനുവദിച്ച 30 ടി. എം. സി. ജലത്തിന്റെ ഫലപ്രദമായ വിനിയോഗത്തിനാവശ്യമായ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 5.15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4700-80-800-97-01—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവുകൾ - ഡാം സുരക്ഷാ സംഘടനയും ഡാം സുരക്ഷാ നടപടികളും - മരാമത്ത് പണികൾ

വിഹിതം : 4.2750 കോടി രൂപ (പ്ലാൻ)

100) ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള പതിനഞ്ച് ഡാമുകളുടെയും മൂന്ന് ബാരേജുകളുടെയും ഒരു റെഗുലേറ്ററിന്റെയും അടിയന്തര സ്വഭാവമുള്ള സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ജോലികൾ, ബാരേജുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, വെള്ളപ്പൊക്കം മൂലമുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവൃത്തികൾ, കാലവർഷത്തിന് മുമ്പും ശേഷവുമുള്ള അണക്കെട്ട് പരിശോധനകൾ, ഡാം സുരക്ഷാ നിയമം 2021 പ്രകാരം പത്തൊൻപത് ഡാമുകൾ, ബാരേജുകൾ, റെഗുലേറ്ററുകൾ എന്നിവയുടെ സിവിൽ, മെക്കാനിക്കൽ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ എന്നിവ നടപ്പിലാക്കുന്നതിന് 2024-25 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച തുക 50 ശതമാനമായി നിജപ്പെടുത്തിയതിനാൽ 250 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം നൽകാൻ സാധിക്കാതെ വന്നതിനാൽ പ്രസ്തുത പ്രവൃത്തികളുടെ ആവശ്യകത കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4701 —ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്**

4701-12-800—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)-മറ്റ് ചെലവുകൾ

വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

101) അട്ടപ്പാടി ജലസേചന പദ്ധതിയുടെ ഐ.ബി.-യുടെ അടിയന്തര അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-13-800—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -കബനി - കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)- മറ്റുചെലവുകൾ

വിഹിതം : 27 കോടി രൂപ (പ്ലാൻ)

102) കാരാപ്പുഴ ജലസേചന പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 76.74 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-13-001-97—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കബനി - കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)- ഭരണവും നടത്തിപ്പും -നടത്തിപ്പ്

വിഹിതം : ഇല്ല

103) ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10.73 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701 -18-800—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -ചമ്രവട്ടം റഗുലേറ്റർ -കം ബ്രിഡ്ജ് (വാണിജ്യേതരം)- മറ്റ് ചെലവുകൾ

വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

104) ചമ്രവട്ടം ആർ.സി.ബി.-യുടെ ഡൗൺ സ്ട്രീം ഭാഗത്തെ സംരക്ഷണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701 -18-001-97 —ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ചമ്രവട്ടം റഗുലേറ്റർ-കം -ബ്രിഡ്ജ് (വാണിജ്യേതരം)- ഭരണവും നടത്തിപ്പും-നടത്തിപ്പ്

വിഹിതം : ഇല്ല

105) ജീവനക്കാരുടെ നടപ്പ് സാമ്പത്തിക വർഷത്തെ ശമ്പളം ഉൾപ്പെടെയുള്ള ഭരണനിർവ്വഹണ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 2.69 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-21-800-96—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - തോട്ടപ്പള്ളി സ്പിൽവേ (വാണിജ്യേതരം)- മറ്റ് ചെലവുകൾ-സ്പിൽവേ

വിഹിതം : 5 കോടി രൂപ (പ്ലാൻ)

106) ഉപ്പുവെള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി തോട്ടപ്പള്ളി സ്പിൽവേയിൽ നിലവിലുള്ള ഷട്ടറുകൾക്ക് പകരമായി പുതിയ ഷട്ടർ സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-80-800-99 -34-3—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ , പീച്ചി സ്റ്റേജ് II -വികസനം- മറ്റ് ചെലവുകൾ- മറ്റിനം

വിഹിതം : 1.1 കോടി രൂപ (പ്ലാൻ)

107) ജലസേചന വകുപ്പിന്റെ ഏക ഗവേഷണ സ്ഥാപനമായ പീച്ചിയിലെ കേരള എൻജിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്(KERI)- നെ പൂനെയിലുള്ള CWPRS സ്ഥാപനത്തിന്റെ മാതൃകയിൽ സെന്റർ ഓഫ് എക്സലൻസ് പദവിയിലേക്ക് ഉയർത്തുന്നതിനായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെയും ഉപകരണങ്ങളുടെയും നവീകരണത്തിനും ഗുണനിലവാര പരിശോധനാ ലാബുകളുടെ പുനരുദ്ധാരണത്തിനും ഭൂതല സർവ്വേയിൽ വിവര ശേഖരണം അതിവേഗത്തിലാക്കുന്നതിനായി നിലവിലുള്ള ഉപഗ്രഹങ്ങൾക്ക് പുറമേ കൂടുതൽ വിദേശ ഉപഗ്രഹങ്ങളിൽ നിന്നും സംവേദനങ്ങൾ സ്വീകരിക്കാൻ നിലവിലുള്ള ഉപകരണങ്ങളെ

സജ്ജമാക്കുന്നതിനും ഡാമിന്റെ രൂപകൽപ്പനയ്ക്ക് മുന്നോടിയായി വിവിധ ഡാമുകളുടെ മാതൃകാ പഠനം, കാവേരി നദീതടത്തിലെ അണക്കെട്ടുകളുടെ മാതൃകാ പഠനം എന്നിവ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4701-80-800-76-01—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - മറ്റ് ചെലവുകൾ - മുൻഗണനാ പ്രവൃത്തികൾ-മരാമത്തു പണികൾ

വിഹിതം : 90 ലക്ഷം രൂപ (നോൺ പ്ലാൻ)

108) പി.വി.ഐ.പി.-യുടെ ഇൻസ്പെക്ഷൻ ബംഗ്ലാവുകളുടെയും ക്വാർട്ടേഴ്സുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**4711—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ്**

4711-01-103-99-01—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - സിവിൽ പണികൾ- മരാമത്തു പണികൾ

വിഹിതം : ഇല്ല.

109) മുൻവർഷങ്ങളിൽ പെയ്ത മഴയുടെ കാഠിന്യംമൂലം മണ്ണും ചെളിയും അടിഞ്ഞുകൂടി നദികളും തോടുകളും കരകവിഞ്ഞൊഴുകുകയും നദീതീരങ്ങൾ ഇടിഞ്ഞുപോവുകയും പലസ്ഥലങ്ങളിലും വീടുകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനായി തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിലെ സംരക്ഷണ പ്രവൃത്തികൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-01-103-98-01—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ - മരാമത്തു പണികൾ .

വിഹിതം : ഇല്ല.

110) തിരുവനന്തപുരം നഗരത്തിലെ കെട്ടിടങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങൾ തോടുകളിലും നദികളിലും അടിഞ്ഞുകൂടി ചെറിയ മഴയിൽ പോലും വെള്ളപ്പൊക്കം ഉണ്ടാകുന്നതും വീടുകളിൽ വെള്ളം കയറി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്നതും ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-01-103-93—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - മലബാർ ജലസേചന പാക്കേജ് (മിർപാ) ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ മുതലായവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും.

വിഹിതം : 1.2 കോടി രൂപ ( നോൺ പ്ലാൻ)

111) മലബാർ മേഖലയിലെ ചെക്ക്ഡാമുകൾ, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ നിർമ്മിതികൾ എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-01-103-84—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - കുട്ടനാട് വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ

വിഹിതം : 57 കോടി രൂപ (പ്ലാൻ)

112) ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന പാടശേഖരങ്ങളുടെ ഔട്ടർ ബണ്ട് സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 250 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4711-01-103-81—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം -സിവിൽ പണികൾ - കേരള സുസ്ഥിര തീര സംരക്ഷണത്തിനും കാലാവസ്ഥാ പ്രതിരോധത്തിനുമുള്ള ആസൂത്രണ പദ്ധതി - ലോകബാങ്ക്/ എ.ഡി. ബി. സഹായ പദ്ധതി

വിഹിതം : ഇല്ല

113) കേരള സുസ്ഥിര തീരസംരക്ഷണത്തിനും കാലാവസ്ഥാ പ്രതിരോധത്തിനുമുള്ള ആസൂത്രണ പദ്ധതി മിഷൻ ഡയറക്ടേറ്റിന്റെ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും Integrated River Basin Management Plan For Pamba Basin and Comprehensive

Shoreline Management പദ്ധതിക്കായി 10 കോടി രൂപയും സുസ്ഥിര തീര സംരക്ഷണത്തിനും കാലാവസ്ഥ പ്രതിരോധത്തിനും വേണ്ടി 800 കോടി രൂപയും Kerala shoreline Resilience Initiative -നുവേണ്ടി 250 കോടി രൂപയും ഉൾപ്പെടെ ആകെ 1065 കോടി രൂപയുടെ ശിപാർശ 2025-26 ലെ ആനുവൽ പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നുവെങ്കിലും ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനായി ഈ ശീർഷകത്തിൽ 1065 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

റോഷി അഗസ്റ്റിൻ,

*ചെയർപേഴ്സൺ,*

*സബ്ജക്ട് കമ്മിറ്റി III.*

തിരുവനന്തപുരം,

2025 ഫെബ്രുവരി 25.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.